# തൂലിക

Newsletter of
Jesus Youth
*Dubai*

Issue 571
20 September 2019
www.thoolikaa.net



## കീർത്തനങ്ങളാൽ ദൈവത്തെ വാഴ്ത്താം...

പേജ് 4 കാണുക

''സങ്കീർത്തനങ്ങളാലും ഗാനങ്ങളാലും ആത്മീയ ഗീതങ്ങളാലും
പരസ്പരം സംഭാഷണം ചെയ്യുവിൻ.''

എഫേ. 5:19





ലക്കം 571
20 സെപ്തംബർ 2019


# തൂലിക

ജീസസ് യൂത്ത് ദുബായുടെ വാരാന്ത്യ പതിപ്പ്

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| യൂകാറ്റ് കോർണർ | 08 |
| വാർത്തകൾ | 09 |
| അറിയിപ്പുകൾ | 10 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 11 |


## മൊഴിമുത്തുകൾ

“ഇന്നത്തെ നീതി ഇന്നലത്തെ പരസ്നേഹ മാണ്; ഇന്നത്തെ പരസ്നേഹം നാളത്തെ നീതിയാണ്.”

വാഴ്ത്തപ്പെട്ട എറ്റിനേ മൈക്കിൾ ഗില്ലെറ്റ(1758 - 1792)

വൈദീകൻ,രക്തസാക്ഷി.

പതിനാല് സോണൽ കൂട്ടായ്മകളും
പതിനാല് വിശുദ്ധരുടെ മാദ്ധ്യസ്ഥം
സ്വീകരിച്ച് ഒരേ ദിവസം ഒരേ സമയം
ദൈവത്തെ മഹത്വപ്പെടുത്താൻ
ഒരുമിച്ചു ചേരുന്നു.

**Wednesday 8.15pm to 9.45pm**



## സോണൽ കൂട്ടായ്മകൾ

എല്ലാ ബുധനാഴ്ചകളിലും വൈകീട്ട്
8.15മുതൽ 9.45വരെ

**സെന്റ് മേരീസ് - കരാമ**
നിഷ 056 4897592

**സെന്റ് മരിയ ഗൊരേത്തി - ബർദുബായ്**
ആന്റോ 056 532 2165

**സെന്റ് ജോസഫ് - ലുലു വില്ലേജ്**
ആൻസി 052 7539188

**സെന്റ് സെബാസ്റ്റ്യൻ - അൽ നാഹ്ദ**
സുനിൽ 050 1470885

**സെന്റ് അൽഫോൻസ - അൽഖിസൈസ്**
എബിൻ - 056 8689312

**സെന്റ് ആന്റണീസ് - സോനാപൂർ**
ഫ്രാൻസിസ് 056 9645184

**സെന്റ് ജോൺ മരിയ വിയാനി - അൽഖൂസ്**
ഡയസ് - 050 1904337

**സെന്റ് ജോർജ്ജ് - റാഷിദിയ**
ലിജോ കുരുവിള - 056 4152208

**സെന്റ് ജൂഡ് - മുത്തീന**
ജോജോ തോമസ് 052 1158226

**ഇൻഫന്റ് ജീസസ് - അൽബറാഹ**
പ്രിൻസ് ജോർജ്ജ് 052 7087623

**സെന്റ് മൈക്കിൾസ് - സത്വ**
സെബി 054 4207201

**സെന്റ് ഫ്രാൻസിസ് അസീസ്സി**
**ഹോർ അൽ ആൻസ്**
സബിൻ 052 8838576

**സെന്റ് പാദ്രേ പിയോ**
**ഇന്റർനാഷ്ണൽ സിറ്റി**
റീഗൻ 052 2011701

**സെന്റ് പോൾ - സിലികോൺ ഒയാസിസ്**
ജോർമ്മി 052 9783044

# ജീവന്റെ താളമായ്... ആത്മാവിൽ ആനന്ദമായ്...



മിടുക്കനായ ഒരു യുവാവായിരുന്നു മനു. എഞ്ചിനീയറിങ്ങ് പഠനത്തിനുശേഷം പെട്ടെന്നുതന്നെ അവനാഗ്രഹിച്ചതുപോലെ വിദേശത്തു ജോലിയും ലഭിച്ചു. വളരെ സന്തോഷത്തോടെയും അതിലേറെ ആകാംഷയോടെയും ഗൾഫിൽ എത്തിയ മനുവിന് താൻ മനസ്സിൽ കണ്ട ജീവിതമല്ല അവിടെ ലഭിച്ചത്. നാട്ടിലെ സുഹൃത്ത്‌വലയത്തിന്റെ സുരക്ഷിതത്വത്തിൽ ആനന്ദിച്ചിരുന്ന അവന് ഒറ്റപ്പെട്ട ഒരു ജീവിതമാണ് അവിടെ ലഭിച്ചത്. ഒന്ന് സന്തോഷിക്കാൻ, എന്തിന് ഒന്ന് സംസാരിക്കുവാൻപോലും ആരുമില്ലാതെയുള്ള ആ ജീവിതം അവനെ നിരാശയിലേക്ക് തള്ളിവിട്ടു. എന്നാൽ, വ്യക്തിപരമായി പ്രാർത്ഥിക്കുവാൻ ശ്രദ്ധിച്ചിരുന്ന അവൻ ആ വേദനകളുടെ വേളയിൽ തന്റെ മനസ്സിലെ നൊമ്പരങ്ങളെ തന്റെ ഡയറിയിൽ കുറിച്ചുവെയ്ക്കുവാൻ തുടങ്ങി. നാളുകൾ കഴിയവേ, ആ അക്ഷരങ്ങൾ പാട്ടുകളായി പിറക്കുവാൻ തുടങ്ങി. അനേകരുടെ ജീവിതത്തിൽ സാന്ത്വനമായി മാറുവാൻ തുടങ്ങിയപ്പോൾ മനുവിന്റെ വേദന സന്തോഷത്തിനു വഴിമാറി.

പ്രിയപ്പെട്ടവരേ, സംഗീതം ഇഷ്ടപ്പെടാത്ത ആരും തന്നെ ഇല്ല എന്ന് നമുക്കു ഉറപ്പാണ്. ചിലർക്ക് സന്തോഷത്തിന്റെ പൂർണ്ണതയാണ് സംഗീതം. സങ്കടങ്ങളിൽ ആശ്വാസം ലഭിക്കാൻ ചിലർക്ക് കുറച്ചു സമയം പാട്ടുകേട്ടാൽ മാത്രം മതിയാകും. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് സംഗീതം എന്ന് നിസംശയം പറയുവാൻ നമുക്കു കഴിയും. പ്രത്യേകിച്ചു ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ, കാരണം നമ്മുടെ പ്രാർത്ഥനയിൽ സംഗീതം ഇല്ലാത്ത ഒരു അവസരവും ഇല്ല. വിശുദ്ധ അഗസ്റ്റിൻ പറയുന്നു, ഒരു പ്രാവശ്യം പാടുന്നവൻ രണ്ടുപ്രാവശ്യം പ്രാർത്ഥിക്കുന്നു. പ്രാർത്ഥനകളിൽ മാത്രല്ല യാത്രകളിലും സന്തോഷങ്ങളിലും സങ്കടസമയത്തുമെല്ലാം സംഗീതം നമ്മെ വേറൊരു തലത്തിലേക്ക് എത്തിക്കുന്നു. സ്വർഗ്ഗത്തിലെ മാലാഖമാരുടെ പ്രതിനിധികളാണ് പാടുന്ന ഓരോ വ്യക്തികളും. ജീവിതത്തിന്റെ താളമായ, ആത്മാവിന്റെ ആനന്ദമായ, പ്രാർത്ഥനയുടെ പൂർണ്ണതയായ സംഗീതം നമ്മുടെ ജീവനിൽ എന്നും നിറഞ്ഞു നിൽക്കട്ടെ. ജീവിതം സംഗീതസാന്ദ്രമായി മാറട്ടെ.

സ്നേഹപൂർവ്വം,
റിജോ മണിമല
എഡിറ്റർ



Sing and make melody to the Lord!

# കീർത്തനങ്ങളാൽ ദൈവത്തെ വാഴ്ത്താം...

**ലേഖനം: ലിബിത സോണി**

നമ്മൾ എല്ലാവരും തന്നെ പലവിധ അസുഖങ്ങൾക്ക് മരുന്ന് കഴിച്ചിട്ടുള്ളവരാണ്. ഈ മരുന്നിൽ പല ചേരുവകളും അടങ്ങിയിട്ടുണ്ട്. അതുപോലെ തന്നെ, നമ്മുടെ ആത്മാവിന്റെ ആശ്വാസമായി, ആത്മീയ ഔഷധമായി നാം ഉപയോഗിക്കുന്ന മരുന്നാണ് പ്രാർത്ഥന. ഒരു മരുന്നിൽ പല ചേരുവകൾ അടങ്ങിയിരിക്കുന്നതുപോലെ, പ്രാർത്ഥനയിലുമുണ്ട് ചേരുവകൾ. അതിൽ അൽപം പോലും പ്രാധാന്യം കുറഞ്ഞുപോകാതെ എന്നാൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് സംഗീതം. ദൈവത്തോട് ചേർന്നിരിക്കാൻ നമ്മെ ക്ഷണിക്കുന്ന, ദൈവസന്നിധിയിൽ മാലാഖമാരെപ്പോലെയാകാൻ നമ്മെ പഠിപ്പിക്കുന്ന ഗീതാലാപനങ്ങൾ.

എന്താണ് കീർത്തനാലാപനം? കർത്താവിന്റെ മുമ്പിൽ കീർത്തനമാലപിക്കുമ്പോൾ അവിടുത്തെ പുകഴ്ത്തുകയും മഹത്വപ്പെടുത്തുകയുമാണ് നാം ചെയ്യുന്നത്. വചനത്തിൽ നാം വായിക്കുന്നില്ലേ ; നിങ്ങൾ മനുഷ്യരുടെ മുമ്പിൽ എന്റെ നാമത്തെ മഹത്വപ്പെടുത്തുമ്പോൾ പിതാവിന്റെ മുമ്പിൽ നിങ്ങളെയും ഞാൻ മഹത്വപ്പെടുത്തും. അതുകൊണ്ടാണ് വിശുദ്ധർ പറഞ്ഞുവയ്ക്കുന്നത് ; ഒരു തവണ പാടി പ്രാർത്ഥിക്കുന്നത്, ഏഴു തവണ പറഞ്ഞു പ്രാർത്ഥിക്കുന്നതിനേക്കാൾ വിലമതിക്കുന്നു. അതായത് പാടി പ്രാർത്ഥിക്കുന്നവൻ ഇരട്ടി നേടുന്നു. വചനത്തിലേക്ക് കടന്നുവരുമ്പോൾ 2 സാമു 6: 14 ള്ള വരെയുള്ള വാക്യങ്ങളിൽ കർത്താവിന്റെ പേടകം കൊണ്ടുവരുമ്പോൾ നൃത്തം ചെയ്ത് ദൈവത്തിന്റെ മുമ്പിൽ യാതൊരു മടിയോ സങ്കോചമോ കൂടാതെ

ദൈവത്തിനു കീർത്തനം ആലപിക്കുന്ന ദാവീദിനെ നമുക്ക് കാണാം.
ആദ്യകാലഘട്ടങ്ങൾ ഇസ്രായേൽ ജനം അവരുടെ പ്രാർത്ഥനകളെല്ലാം ഗീതങ്ങളായിട്ടാണ് ആലപിച്ചിരുന്നത്. അവരുടെ വിലാപങ്ങളും സന്തോഷവും സന്താപവും വിജയവും നേട്ടവുമെല്ലാം ദൈവത്തെ അറിയിച്ചിരുന്നത് കീർത്തനങ്ങളായിട്ടാണ്. ഇസ്രായേൽ ജനത്തിന്റെ ജീവിതസാഹചര്യങ്ങളിൽ നിന്ന് രൂപപ്പെട്ട് വന്നതാണ് പഴയനിയമഗ്രന്ഥത്തിലെ "സങ്കീർത്തനങ്ങൾ".
ബലിയുടെ സമയത്തും പ്രദക്ഷിണവേളയിലും തീർത്ഥാടനവസരങ്ങളിലും തിരുനാളുകളിലുമെല്ലാം ദൈവത്തെ ഏറ്റുപറയാനുള്ള കാരണങ്ങൾ കണ്ടെത്തി അവർ സ്തുതിഗീതങ്ങൾ ആലപിച്ചു. അത് ദൈവസന്നിധിയിൽ വിലമതിച്ചു.
അതുകൊണ്ടാണ് വർഷങ്ങൾക്കിപ്പുറത്തേക്ക് നാം സഞ്ചരിച്ചിട്ടും ഏറ്റവും വലിയ ആരാധനയായ വി. ബലിയുടെ സമയത്തും അനേകം സ്തുതിഗീതങ്ങളും ഇസ്രയേൽ സമൂഹത്തിനിടയിലെ സങ്കീർത്തനങ്ങൾ തന്നെയും നമുക്കാലപിക്കാൻ സാധിക്കുന്നത്. വചനം പറയുന്നു, നിങ്ങൾ തപ്പുകളാലും വാദ്യമേളങ്ങളാലും കർത്താവിനെ പാടി സ്തുതിക്കുവിൻ. ദൈവസന്നിധിയിൽ, സ്വർഗ്ഗത്തിന്റെ ദൈവത്തോടൊപ്പമായിരിക്കുന്ന മാലാഖമാരുടെ ചിത്രം ശ്രദ്ധിച്ചാൽ നമുക്കു കാണാം. മാലാ

*തുടർച്ച... പേജ് 7*



# വി. ഫ്രാൻസിസ് മേരി കമ്പറോസ്സോ (1804-1866)

## ഫ്രാൻസിസ്കൻ ഒന്നാം സഭാംഗം



1804 ഡിസംബർ 27-ന് കമ്പറോസ്സോ ഗ്രാമത്തിലാണ് ഫ്രാൻസിസ് ജനിച്ചത്. ക്രിസ്തീയ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കാനുള്ള ശിക്ഷണം ചെറുപ്പം മുതൽ ലഭിച്ചു. കുടുംബത്തെ സഹായിക്കുന്നതിന് ആടുമേയിക്കുന്ന തൊഴിൽ ചെയ്തു; പരോപകാര തല്പരനായി വളർന്നു വന്നു.

ദൈവീകാഹ്വാനം തിരിച്ചറിഞ്ഞ ഫ്രാൻസിസ് ജനോവായിലെ കപ്പൂച്ചിൻ ആശ്രമത്തിൽ ചേർന്നു. ''ആശ്രമത്തിലെ ഭാരം വഹിക്കുന്ന മൃഗമാകാൻ ഞാൻ വന്നിരിക്കുന്നു.'' എന്നാണ് സഭാവസ്ത്ര സ്വീകരണാവസരത്തിൽ ആദർശമാക്കിയത്.

സഭാ നിയമമനുസരിച്ച് രോഗീശുശ്രൂഷയ്ക്കും ഭിക്ഷാടനത്തിനുമായി ഫ്രാൻസിസ് നിയമിതനായി. സമ്പന്നരുടെ മന്ദിരങ്ങളിൽ നിന്നും ശേഖരിച്ചവ പലപ്പോഴും കുടിലുകളിലെ ദരിദ്രർക്കു വിതരണം ചെയ്തിരുന്നു. ദുർവൃത്തരെ നല്ലവഴിക്കു തിരിക്കുവാൻ കഠിനാദ്ധ്വാനം ചെയ്തു. സാംക്രമിക രോഗബാധിതരെ ശുശ്രൂഷിക്കുവാൻ ഭയപ്പെട്ടില്ല. ഉപദ്രവകാരികളായ കടലോരവാസികളുടെ പക്കലേയ്ക്ക് സ്നേഹത്തിന്റെ സന്ദേശവുമായി കടന്നു ചെന്നു. കല്ലേറുകൊണ്ടാണ് സ്വീകരണം ലഭിച്ചത്. ആ കല്ലുകളെ ചുംബിക്കുകയായിരുന്നു ഫ്രാൻസിസിന്റെ പ്രതികരണം. ജനങ്ങൾ അത്ഭുതസ്തബ്ധരായി. രോഗികൾക്ക് ആരോഗ്യവും പാപികൾക്ക് മാനസ്സാന്തരവും വരുത്തിക്കൊണ്ട് അദ്ദേഹം നന്മ ചെയ്തു കടന്നുപോയി.

ഫ്രാൻസിസിന്റെ അസാധാരണമായ പെരുമാറ്റ രീതിയും രോഗശാന്തിയുമെല്ലാം എല്ലായിടത്തും സംസാര വിഷയമായി. പണ്ഡിത പാമരഭേതമന്യേ ആളുകൾ ഉപദേശം തേടി ഫ്രാൻസിസിന്റെ പക്കലെത്തി. ദൈവീകവിജ്ഞാനമാണ് അദ്ദേഹം ഉപയോഗപ്പെടുത്തിയത്. അറിവെല്ലാം നേടിയത് ദിവ്യകാരുണ്യനാഥനിൽ നിന്നാണ്. വിശുദ്ധ കുർബാനയുടെ മുന്നിൽ രാത്രിമുഴുവൻ അദ്ദേഹം മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചിരുന്നു.

1866-ൽ നാട്ടിലാകെ വസന്ത പടർന്നുപിടിച്ചപ്പോൾ അവസാനത്തെ ആത്മസമർപ്പണത്തിന് അവസരമായി. അമലോത്ഭവ കന്യകയുടെ കരങ്ങൾ വഴി പരിഹാര ബലിവസ്തുവായി ദൈവത്തിന് സ്വയം

*തുടർച്ച... പേജ് 7*

*ലേഖനം* *തുടർച്ച... പേജ് 5*

ഖമാരുടെ കൈകളിലെ സംഗീതോപകരണങ്ങൾ. സംഗീതമാലപിച്ചും നൃത്തം ചെയ്തു മാണ് അവർ ദൈവത്തെ സ്തുതിക്കുന്നത്. നമുക്കു മുമ്പിൽ അനേകം വൈദീകർ... ആബേലച്ചനെ പോലുള്ളവർ സംഗിതം തന്നു. ആ സംഗീതത്തെ ദൈവ സന്നിധിയിൽ ഉയരുന്ന സ്തുതികളായി നമുക്കു മാറ്റാം. നമ്മുടെ ജീവിത സാഹചര്യങ്ങളിലെ എല്ലാ വേളകളിലും നമുക്ക് ദൈവത്തെ സ്തുതിക്കാൻ സാഹായിക്കുന്ന ഉപാധിയാണ് കീർത്ത നാലാപനം. സംഗീതോപകരണങ്ങൾ ഒന്നും വേണ്ട, ഏറ്റവും വലിയ സംഗീതോപകരണ മാണ് മനുഷ്യൻ. നമ്മുടെ നടത്തത്തിന്റെ വേഗതയിലും സംസാരത്തിന്റെ ശ്രുതിയിലും ഹൃദയമിടിപ്പിലുമുണ്ട് താളം, സംഗീതം. മനുഷ്യന്റെ ഉള്ളിലുള്ള ഈ താളം തെറ്റുമ്പോ ഴാണ് അവൻ രോഗിയായി മാറുന്നത്. അതുപോലെ ദൈവ സന്നിധിയിലേയ്ക്ക് ഉയ രുന്ന സ്തുതിഗീതങ്ങളുടെ താളം തെറ്റുമ്പോഴാണ് ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിനും വിള്ളലുണ്ടാവുന്നത്.

നാം ദൈവത്തെ പാടി സ്തുതിക്കുമ്പോൾ അടുത്തു നില്ക്കുന്നവന്റെ ചെവിയിലും ഇതേ ദൈവനാദം തന്നെ മുഴങ്ങി കേൾക്കും. നമ്മിലൂടെ ഒരുവനും കൂടി രക്ഷ നേടാൻ നാം വഴിയൊരുക്കാം. അതുകൊണ്ട് ദൈവ സന്നിധിയിൽ സങ്കീർത്തനങ്ങളുടെ താളം തെറ്റാതെ മറ്റുള്ളവർക്ക് കാതുകളിൽ ദൈവനാദമായ് മാലാഖമാരോടുചേർന്ന് നമുക്ക് പാടി സ്തുതിക്കാം.

“എന്റെ ജീവിതകാലം മുഴുവൻ ഞാൻ കർത്താവിനു കീർത്തനം പാടും; ആയുഷ്കാലമ ത്രയും ഞാൻ എന്റെ ദൈവത്തെ പാടി സ്തുതിക്കും.” (സങ്കീർത്തനങ്ങൾ 104:33)

---

*വിശുദ്ധരുടെ ജീവിതം* *തുടർച്ച... പേജ് 7*

സമർപ്പിച്ചു. സെപ്റ്റംബർ 17-ാം തീയ്യതി അദ്ദേഹത്തിന്റെ പാവനാത്മാവ് ദൈവസന്നിധി യിലേയ്ക്ക് പറന്നുയർന്നു. അന്നുതന്നെ പകർച്ചവ്യാതി അപ്രത്യക്ഷമാകുകയും ചെയ്തു. 11-ാം പീയൂസ് പാപ്പ 1929-ൽ ഫ്രാൻസിസിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 23-ാം ജോൺ മാർപ്പാപ്പ 1962-ൽ അദ്ദേഹത്തെ വിശുദ്ധ പദവിയിലേയ്ക്കുയർത്തി.

ജനീവ സിമിത്തേരിയിലെ സ്മാരകശിലയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാ ണ്. “കമ്പേറോസ്സോയിലെ ഫ്രാൻസിസ്, ജനനം 27-12-1804. മരണം 17-09-1866. ക്രിസ്തു വിൽ ദരിദ്രൻ. വാങ്ങുന്നതിലുപരി സമീപിക്കുന്നവരുടെ ക്ലേശങ്ങൾക്കും ആവശ്യങ്ങൾക്കും ശുശ്രൂഷിക്കാൻ സന്നദ്ധൻ. അദ്ദേഹത്തിന്റെ താപസപുണ്യജീവിതം മകുടമണിഞ്ഞത്, 1866-ലെ വസന്തയുടെ തുടക്കത്തിലെ ആത്മബലിയിലാണ്. ജനങ്ങളുടെ ദുഖവും നന്ദിയും ഈ മാർബിൾ ശിലയിലൂടെ അനശ്വരമാക്കിയിരിക്കുന്നു.”

സ്നേഹികർക്കുവേണ്ടി ജിവൻ ഹോമിക്കുന്ന ദിവ്യകാരുണ്യ സ്നേഹം വി. ഫ്രാൻസിസ് കമ്പറോസ്സോയിൽനിന്നു നാം ഗ്രഹിക്കുന്നു.

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

### 322: എന്തിനാണ് കൂടുതൽ പ്രാധാന്യം; വ്യക്തിക്കോ സമൂഹത്തിനോ?

ദൈവത്തിന്റെ ദൃഷ്ടിയിൽ ഓരോ മനുഷ്യനും വ്യക്തിയെന്നനിലയിൽ ഒന്നാം സ്ഥാനത്തു നിൽ ക്കുന്നു.രണ്ടാമതായി മാത്രം സാമുഹിക ജീവിയെന്നനിലയിൽ പ്രധാന്യമർഹി ക്കുന്നു. (1881-1892)

സമൂഹത്തിന് ഒരിക്കലും വ്യക്തിയെക്കാൾ കൂടുതൽ പ്രധാന്യമുണ്ടാവുകയില്ല. മനുഷ്യൻ ഒരിക്ക ലും സമുഹപരമായ ലക്ഷ്യത്തിനുള്ള മാർഗമായിരിക്കരുത്.എന്നാലും രാഷ്ട്രം, കുടുംബം എന്നിങ്ങനെയുള്ള സാമൂഹിക സ്ഥാപനങ്ങൾ വ്യക്തിക്ക് അത്യാവശ്യമാണ്. അവ അവന്റെ സ്വഭാവത്തിനു ചേർന്നതുപോലുമാണ്.







# ചൈനയിലെ മരിയൻ തീർത്ഥാടന കേന്ദ്രം സംരക്ഷിക്കാൻ വിശ്വാസികളുടെ അക്ഷീണ ശ്രമം

തയുവാൻ; ചൈനയിലെ  തയുവാൻ നഗരത്തിനു സമീപമുള്ള ഡോൺജർജ്ജൂയിലെ വ്യാകുലമാതാ തീർത്ഥാടന ദേവാലയം നശിപ്പിക്കുന്നത് തടയാൻ വിശ്വാസികൾ ഒന്നടങ്കം രംഗത്ത്. സെപ്റ്റംബർ പതിനഞ്ചാം തീയതി സഭ ആചരിച്ച വ്യാകുല മാതാവിന്റെ തിരുനാളിൽ പങ്കെടുക്കാനായി നൂറുകണക്കിന് വിശ്വാസികളാണ് എത്തിയത്. ദേവാലയത്തിന് മുന്നിലുള്ള പ്രവേശന വാതിൽ തകർക്കാൻ പ്രാദേശിക സർക്കാരിന് പദ്ധതിയുണ്ടെന്ന സൂചന കൂടി കണക്കിലെടുത്താണ് വിശ്വാസികൾ ഒന്നടങ്കം സംഘടിച്ചത്. 'സ്വർഗ്ഗത്തിന്റെ വാതിൽ' എന്ന് വിളിക്കപ്പെടുന്ന, പ്രസ്തുത വാതിൽ ഉയരക്കൂടുതലാണെന്ന കാരണം ചൂണ്ടിക്കാട്ടിയാണ് പ്രാദേശിക സർക്കാർ നീക്കംചെയ്യുമെന്ന് പ്രഖ്യാപിച്ചത്.

പുറത്തുവരുന്ന മറ്റ് റിപ്പോർട്ടുകളിൽ ദേവാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തുകൂടി ഹൈവേ നിർമ്മിക്കാൻ സർക്കാരിന് പദ്ധതിയുണ്ടെന്നും സൂചനകളുണ്ട്. പ്രവേശന കവാടത്തിലെ ശില്പങ്ങൾ ഇതിനോടകം തന്നെ ചൈനീസ് വത്കരണത്തിന്റെ പേരും പറഞ്ഞ് നീക്കം ചെയ്തു കഴിഞ്ഞു. അതേസമയം തീർത്ഥാടന ദേവാലയം മുഴുവനായി തകർക്കാൻ സർക്കാരിന് പദ്ധതിയുണ്ടെന്ന വാർത്ത മറ്റൊരു കോണിൽ നിന്ന് കഴിഞ്ഞ ദിവസം ഉയർന്നിരുന്നു. 1924 ലാണ് വ്യാകുല മാതാവിന്റെ പേരിലുള്ള ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നത്. ആയിരക്കണക്കിന് വിശ്വാസികളാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സെപ്റ്റംബർ പതിനഞ്ചാം തീയതി ഇവിടെ എത്തിച്ചേർന്നത്. ചൈനീസ് വത്കരണമെന്ന പേരിൽ ദേവാലയങ്ങളിലെ കുരിശുകളും പള്ളിമണികളും കൂട്ടത്തോടെ നീക്കം ചെയ്തത് ആഗോള തലത്തിൽ തന്നെ വൻ വിമർശനങ്ങൾക്കു കാരണമായിരിന്നു.

## പ്രാർത്ഥനാ സഹായം

തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.




## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുമ്പോൾ താൽപര്യപൂർവ്വം പങ്കെടുക്കാൻ ശ്രദ്ധിക്കണേ...)

**മിഷനെക്കുറിച്ച് നിങ്ങൾക്ക്**
**കൂടുതൽ അറിയാൻ വിളിക്കുക...**

**റിൻസ് റോയ് - 056 330 5532**
**ജെറിൻ കെ ജയൻ - 056 136 2680**

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം - മലയാളം
സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കോർഡിനേറ്റേഴ്സ്

ഫാമിലി - ബെന്നി ആലഞ്ചേരി - 05 690 2721
ഫോർമേഷൻ - ഷാരോൺ 052 160 3818
*(LSS, Philip Course & Paul Course)*

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

"എന്തെന്നാൽ, നിങ്ങളുടെ എതിരാളികളിലാർക്കും ചെറുത്തു നിൽക്കാനോ എതിർക്കാനോ കഴിയാത്ത വാക്ചാതുരിയും ജ്ഞാനവും നിങ്ങൾക്കു ഞാൻ നൽകും."

(ലൂക്കാ. 21:15)

My heart, O GOD, is STEADFAST; my heart is STEADFAST; I WILL sing and make music.

PSALM 57:7

For Private Circulation (Within The Church Compound) Only

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Jobin Augustine for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Saneesh George
**Editor** : Rijo Manimala **E-mail** : info@thoolikaa.net **Web** : http://thoolikaa.net